**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3051

**18/06/2019 ൽ മറുപടിക്ക്**

# റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

**ചോദ്യം**
**ശ്രീ.മുരളി പെരുനെല്ലി**
**,, കെ.ഡി. പ്രസേനൻ**
**,, പുരുഷൻ കടലുണ്ടി**
**,, എം. രാജഗോപാലൻ**

**മറുപടി**
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിലെ ഏതെല്ലാം പ്രവർത്തനങ്ങളാണ് കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു<br><br><u>ഇ-ഡിസ്ട്രിക്ട്</u>:- വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യവുമായി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.<br><br><u>ആർ.ആർ. ഓൺലൈൻ</u> :- റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യ ക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | സംയോജിപ്പിച്ച് റികിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഏത് തലത്തിലുള്ള കലക്ട്രേറ്റ്/താലൂക്ക്/വില്ലേജ് ഉദ്യോഗസ്ഥർക്കും ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.<br><br><u>സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online - Mutation)</u>:- ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാകുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.<br><br><u>ഇ-പെയ്മെന്റ്</u>:- സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br><u>ഇ-ഓഫീസ്</u>:- ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫിസ് വരെ നടപ്പിലാക്കി വരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്. സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽ നിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ച് വരുന്നത്. വിവിധ വിഭാഗത്തിലുള്ള സേവനങ്ങളെയും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ ഓഫിസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്. |
| (ബി) | ഭൂമി കൈമാറ്റം നടക്കുമ്പോൾത്തന്നെ സ്ഥലസംബന്ധമായ വിവരവും പ്രമാണസംബന്ധമായ വിവരവും ഓൺലൈനായി പരിവർത്തനം ചെയ്യുകയും പുതുക്കുകയും ചെയ്യുന്ന സംയോജിത ഭൂവിവരസേവന വിനിമയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്. രജിസ്ട്രേഷൻ വകുപ്പിലെ ഓപ്പൺ-പേൾ എന്ന ഓൺലൈൻ സോഫ്റ്റ് വെയറും, റവന്യൂ വകുപ്പിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം എന്ന ഓൺലൈൻ സോഫ്റ്റ് വെയറും സംയോജിത ഭൂവിവരസേവന വിനിമയ സംവിധാനത്തിനായി ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്. |
| (സി) | എങ്കിൽ ഇതിനായി ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനങ്ങളാണ് ഏകോപിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ